(സി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 28.6.1991-ലെ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന്

1. മരങ്ങൾ മുറിക്കുന്നതിന് മുൻപു തന്നെ മരങ്ങൾ മുറിക്കണമോ വേണ്ടയോ എന്ന് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നിർദ്ദേശം വാങ്ങിക്കേണ്ടതാണ്.

2. മുറിക്കാൻ അനുവാദം നൽകുന്ന മരങ്ങളുടെ/വിൽക്കാൻ ഉദ്ദേശിക്കുന്ന തടികളുടെ വ്യാപ്തം, വില എന്നിവ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെക്കൊണ്ട് നിർണ്ണയിപ്പിക്കേണ്ടതാണ്.

(ഡി) ഗ്രാമപഞ്ചായത്തിനാണ് പരാതി നൽകേണ്ടത്.

112 (614) ചപ്പുചവറുകൾ സംസ്കരിക്കാൻ നടപടി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ ചപ്പുചവറുകൾ സംസ്കരിക്കാൻ ആവശ്യമായ പദ്ധതിയുടെ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കാൻ വേണ്ടി എന്തെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

113 (615) കയർസഹകരണ സംഘങ്ങൾക്ക് നൽകുന്ന ധനസഹായം

ശ്രീ. ബി. വിജയകുമാർ :

ശ്രീ. പാലോട് രവി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം കയർ സഹകരണ സംഘങ്ങൾക്ക് ജില്ലാ പഞ്ചായത്ത് ധനസഹായം നൽകി;

(ബി) എന്തു തുക വീതമാണ് ധനസഹായം നൽകിയത്;

(സി) ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം എന്തായിരുന്നു;

(ഡി) സഹായം നൽകാത്ത മറ്റു കയർ സഹകരണസംഘങ്ങൾക്ക് സഹായം നൽകാതിരിക്കാനുള്ള കാരണമെന്ത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി)	സഹകരണ സംഘത്തിന്റെ പേര്	അനുവദിച്ച തുക
1.	കടയ്ക്കാവൂർ സിവിസിഎസ് 3055	12,000 രൂപ
2.	മേൽകടയ്ക്കാവൂർ സിവിസിഎസ് 623	10,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

3.	അകത്തുമുറിതെക്ക് സിവിസിഎസ് 303	88,000 രൂപ
4.	കടയ്ക്കാവൂർ ചോളച്ചിറ റ്റി.619	10,000 രൂപ
5.	അകത്തുമുറി സിവിസിഎസ് 339	80,000 രൂപ
6.	കുഴിയം സിവിസിഎസ് റ്റി.620	80,000 രൂപ
7.	കരിച്ചാറ സിവിസിഎസ്.റ്റി.530	1,20,000 രൂപ
8.	വക്കം കിഴക്ക് സിവിസിഎസ് റ്റി. 87	70,000 രൂപ
9.	കരുനിലക്കോട് സിവിസിഎസ് 492	80,000 രൂപ
10.	വെട്ടൂർ സിവിസിഎസ്. 535	80,000 രൂപ
11.	കൊട്ടറക്കരി സിവിസിഎസ്. 380	90,000 രൂപ
12.	കവലയൂർ സിവിസിഎസ് 126	1,20,000 രൂപ
13.	കോളിച്ചിറ സിവിസിഎസ് 737	85,000 രൂപ
14.	കഠിനംകുളം സിവിസിഎസ് 254	70,000 രൂപ
15.	പാറയിൽ സിവിസിഎസ് 402	65,000 രൂപ
16.	പൂമത്തുമൂല സിവിസിഎസ് 896	70,000 രൂപ
17.	കാപ്പിൽ സിവിസിഎസ് 352	82,000 രൂപ

(സി) കഴിഞ്ഞ മൂന്നുവർഷത്തെ പ്രവർത്തന മികവ്, പദ്ധതിയാനുകൂല്യം പ്രയോജനപ്പെടുത്തി പുതിയതായി സൃഷ്ടിക്കുന്ന തൊഴിൽദിനങ്ങൾ, പരിശീലനത്തിന്റെ ആവശ്യകത, മറ്റു പശ്ചാത്തല സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സംഘങ്ങളെ തെരഞ്ഞെടുത്തത്. കയർ പ്രോജക്ട് ഓഫീസർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതിയാണ് സംഘങ്ങളെ തെരഞ്ഞെടുത്തത്.

(ഡി) കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏറ്റവും അർഹതയുള്ള സംഘങ്ങൾക്കാണ് ധനസഹായം നൽകിയത്. ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് എല്ലാ സംഘങ്ങൾക്കും ധനസഹായം നൽകാൻ കഴിയാത്തത്.

114 (616) പിറവം ഗ്രാമപഞ്ചായത്തിലെ പണാപഹരണം

<u>ശ്രീ. ടി.എം. ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് നടന്നതായി പറയപ്പെടുന്ന പണാപഹരണത്തെക്കുറിച്ച് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) ഈ സംഭവത്തെ സംബന്ധിച്ച് ഇതുവരെ ആരെല്ലാമാണ് അന്വേഷണം നടത്തിയത്;

(സി) പഞ്ചായത്തിലെ ഏതെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരെയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്;

(ഡി) എത്ര തുക അപഹരിച്ചിട്ടുണ്ട് എന്നാണ് സർക്കാരിന് ഇതുവരെ ലഭിച്ചിട്ടുള്ള വിവരങ്ങൾ;

(ഇ) ഇതു സംബന്ധിച്ച് ആരുടെയെല്ലാം പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്; അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly